പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1998 **26-10-2026-ൽ മറുപടിയ്ക്ക്**

ജില്ലാ ജനറൽ ആശുപത്രികളിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. തോമസ് ഉണ്ണിയാടൻ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ ജില്ലാ ജനറൽ ആശുപത്രികളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

മറുപടി: സംസ്ഥാനത്തെ ജില്ല / ജനറൽ ആശുപത്രികളെ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ സൗകര്യമുള്ള കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഓരോ ആശുപത്രികളുടെയും ദീർഘകാല വികസനം ലക്ഷ്യമിട്ട് മാസ്റ്റർ പ്ലാൻ തയ്യാറാക്കി, അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പ്ലാൻ ഫണ്ട് , കിഫ്ബി,നബാർഡ്, സ്റ്റേറ്റ് പ്ലാൻ, NHM PM-ABHIM, MLA ഫണ്ടുകൾ, ജില്ല പഞ്ചായത്ത് , മുനിസിപ്പാലിറ്റി കോർപ്പറേഷൻ എന്നിവയുടെ വാർഷിക പദ്ധതികളും ഉപയോഗിച്ച് പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം നവീകരണം, ആധുനിക ഉപകരണങ്ങൾ പുതിയ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ എന്നിവ ഘട്ടം ഘട്ടമായി നടപ്പാക്കി വരുന്നു. IPHS പ്രകാരം ജില്ലാ ആശുപത്രികളിൽ ഉണ്ടായിരിക്കേണ്ട സേവനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, ഉപകരണങ്ങൾ, ജീവനക്കാർ, മറ്റ് സംവിധാനങ്ങൾ എന്നിവയുടെ ഗ്യാപ് അനാലിസിസ് നടത്തി അത് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം NQAS പ്രകാരമുള്ള ഗുണനിലവാര സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. 24 മണിക്കൂർ സ്പെഷ്യലിസ്റ്റ് സേവനം ഉറപ്പാക്കുന്നതിനും ചികിത്സ വൈകുന്നത് ഒഴിവാക്കുന്നതിനുമായി 24*7 അടിസ്ഥാനത്തിൽ 20സ്പെഷ്യാലിറ്റി സേവനങ്ങൾ ഏർപ്പെടുത്തുന്നതിനായി ഓരോ ജില്ലയിൽ നിന്നും രണ്ട് വീതം ആകെ 28 പ്രധാന ആശുപത്രികളെ (ജില്ലാ, ജനറൽ, താലൂക്ക് ആസ്ഥാന ആശുപത്രികൾ) രണ്ട് ഘട്ടങ്ങളിലായി തെരഞ്ഞെടുത്ത് "പ്രതീക്ഷാ സെന്ററുകൾ" ആവിഷ്കരിച്ചിട്ടുണ്ട് .

ഇതിന് പുറമെ കാത്ത് ലാബുകൾ, സ്ട്രോക്ക് യൂണിറ്റുകൾ, ഡയാലിസിസ് യൂണിറ്റുകൾ, ക്രിട്ടിക്കൽ കെയർ യൂണിറ്റുകൾ, മോഡുലാർ ഓപ്പറേഷൻ തീയേറ്ററുകൾ CT/MRI ഉൾപ്പെടയുള്ള രോഗനിർണ്ണയ സൗകര്യങ്ങൾ എന്നിവയും മേജർ ആശുപത്രികളിൽ ലഭ്യമാക്കി വരുന്നു.

(ബി) സർക്കാർ ആശുപത്രികളിൽ സ്ഥാപിക്കുന്ന സ്കാനിംഗ് മെഷീനുകൾ, മറ്റ് ലാബ് മെഷീനുകൾ എന്നിവ വേഗം കേടാകുന്ന സാഹചര്യം പരിശോധിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

മറുപടി: ആരോഗ്യ വകുപ്പിന് കീഴിലുള്ള സർക്കാർ ആശുപത്രികളിലെ മെഡിക്കൽ ഉപകരണങ്ങളുടെ അറ്റകുറ്റപണികളും പരിപാലനവും (കോൾഡ് ചെയിൻ ഉപകരങ്ങൾ ഒഴികെയുള്ളവ) ബയോമെഡിക്കൽ എക്വിപ്മെൻസ് മെയിനൻസ് പ്രോഗ്രാം (BEMP) മുഖേന തേർഡ് പാർട്ടി സർവ്വീസ്

പ്രൊവൈഡറെ എൽപ്പിച്ചാണ് നിർവ്വഹിക്കുന്നത്. NHM സാമ്പത്തിക സഹായത്തോടെ 2016 ൽ ആരംഭിച്ച ഈ പദ്ധതി പ്രകാരം M/S Cyrix Health Care Ltd ആണ് പ്രസ്തുത പ്രവർത്തനങ്ങൾ ചെയ്യുന്നത് BEMP പദ്ധതിയുടെ പരിധിയിൽ മെഡിക്കൽ ഉപകരണങ്ങളുടെ അറ്റകുറ്റപണികൾ, പ്രിവെന്റീവ് മെയിന്റനൻസ്, കാലിബ്രേഷൻ എന്നിവയുൾപ്പെടുന്നു. ഇവ മെഡിക്കൽ ഉപകരണങ്ങൾക്ക് ബാധകമായുള്ള NARL/NABH മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായാണ് നടത്തുന്നത്. ലബോറട്ടറി ഉപകരണങ്ങൾ ഒഴികെയുള്ള എല്ലാ ഉപകരണങ്ങൾക്കും ഇലക്ട്രിക്കൽ സുരക്ഷാപരിശോധന, പാരാമീറ്റർ കാലിബ്രേഷൻ എന്നിവ നിശ്ചിത മാനദണ്ഡങ്ങൾക്കനുസൃതമായി നിർവ്വഹിച്ചു വരുന്നു.

ലബോറട്ടറി ഉപകരണങ്ങളുടെ കാര്യത്തിൽ തേർഡ് പാർട്ടി സർവ്വീസ് പ്രൊവൈഡറുടെ ഉത്തരവാദിത്തം ഇലക്ട്രിക്കൽ സേഫ്റ്റി ടെസ്റ്റിംഗിൽ മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. NARl മാർഗ്ഗ നിർദ്ദേശം 126 അനുസരിച്ചാണ് ഈ പരിശോധന നടത്തുന്നത്. ലബോറട്ടറി ഉപകരണങ്ങളുടെ Internal Parameter Calibration തേർഡ് പാർട്ടി സർവ്വീസ് പ്രൊവൈഡറുടെ നിലവിലെ കരാർ പരിധിയിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ ലബോറട്ടറി ഉപകരണങ്ങളുടെ മെയിന്റനൻസ് ആശുപത്രി അധികൃതർ അതാത് ഉപകരണങ്ങളുടെ ഒറിജിനൽ എക്വിപ്മെൻസ് മാനുഫാക്ചർമാരുടെ സേവനം പ്രയോജനപ്പെടുത്തി ആശുപത്രിതലത്തിൽ നിന്നുമാണ് നിർവ്വഹിച്ചു വരുന്നത്.

സർക്കാർ ആശുപത്രികളിൽ സ്ഥാപിക്കുന്ന സ്കാനിംഗ് മെഷീനുകളുടേയും ലാബ് ഉപകരണങ്ങളുടേയും തടസ്സമില്ലാത്ത പ്രവർത്തനം ഉറപ്പാക്കുന്നതിന് പുതുതായി വാങ്ങുന്ന ഉപകരണങ്ങൾക്ക് വാറന്റി കാലയളവും തുടർന്ന് AMC/CMC എന്നിവയും ഉറപ്പാക്കുന്നുണ്ട്. BEMP പദ്ധതിയുടെ ഭാഗമായി ഉപകരണങ്ങളുടെ ഇൻവെന്ററി തയ്യാറാക്കി പ്രവർത്തന ക്ഷമത നിരീക്ഷിക്കുകയും, കേടാകുന്ന പക്ഷം നിശ്ചിത സമയത്തിനകം തകരാർ പരിഹരിക്കുന്നതിനുള്ള വ്യവസ്ഥ കരാറുകളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നിശ്ചിത ഇടവേളകളിൽ പ്രിവെന്റീവ് മെയിന്റനൻസും കാലിബ്രേഷനും നടത്തുന്നതിനോടൊപ്പം ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്ന ജീവനക്കാർക്ക് പരിശീലനവും നൽകുന്നു.

(സി) ഇക്കാര്യങ്ങളിൽ ആശുപത്രി വികസന സമിതികൾ ജാഗ്രത പാലിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>മറുപടി:</u> ആശുപത്രി വികസന സമിതികൾ പാലിക്കേണ്ട നടപടികൾ സംബന്ധിച്ച് 14.03.2013 ലെ സ.ഉ.(കൈ) നമ്പർ 91/2013 ത.സ്വ.ഭ.വ പ്രകാരം വിജ്ഞാപനം ഇറക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ